## 504

ഈ പാരിൽ നാം പരദേശികളാം
നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാം നമ്മൾ സൗഭാഗ്യവാന്മാർ

1 മൺമയമാമീയുലകത്തിൽ മാനവൻ നേടും മഹിമകളോ
മാഞ്ഞിടുന്നെന്നാൽ മരിച്ചുയിർത്ത മന്നവനെന്നും മഹാൻ-

2 ദേശമെങ്ങും പോയിനി നമ്മൾ യേശുവിൻ നാമം ഉയർത്തിടുക
കുരിശിൽ മരിച്ചു ജയം വരിച്ച ക്രിസ്തുവിൻ സേനകൾ നാം

3 അവനിയിൽ നാമവനായിട്ടിന്നു അവമാനമേൽക്കിൽ അഭിമാനമാം
ക്രിസ്തുവിലെന്നും നമുക്കും ജയം ജയം ജയം ഹല്ലേലുയ്യാ

4 തന്നരികിൽ വിൺപുരിയിൽ നാം ചെന്നിടുമന്നു പ്രതിഫലം താൻ
തന്നിടുമൊന്നും മറന്നിടാതെ ആ നല്ല നാൾ വരുന്നു- **C.J.**